പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3982 11.11.2019 ൽ മറുപടിയ്ക്ക്

## ആർ.പി.ഡബ്ല്യൂ.ഡി.ആക്ട് 2016

ചോദ്യം മറുപടി

ശ്രീ.പി.ടി.എ. റഹീം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാരുടെ ദേശീയ നിയമം ആർ.പി.ഡബ്ല്യൂ.ഡി.ആക്ട് 2016 സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഭിന്നശേഷിക്കാരുടെ ദേശീയ നിയമം The Rights of Persons with Disabilities Act, 2016 ന്റെ വിവിധ വ്യവസ്ഥകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്നു. ആക്ട് നടപ്പാക്കുന്നതിന്റെ പ്രാധാന്യം എല്ലാ വകുപ്പ് ഉദ്യോഗസ്ഥർക്കും ബോധ്യപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും വിവിധ സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും പ്രത്യേക നിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) The Rights of Persons with Disabilities Act, 2016 നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിലെ കാലതാമസത്തിനിടയാക്കിയ കാരണം വിശദമാക്കാമോ? | (സി) The Rights of Persons with Disabilities Act, 2016 നിലവിൽ വന്നത് 19.4.2017 ലാണ്. പ്രസ്തുത ആക്ടിന്റെ സെക്ഷൻ 101 ൽ ആക്ട് നിലവിൽ വന്ന് ആറു മാസത്തിനകം ചട്ടങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വിവിധ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംസ്ഥാന ചട്ടത്തിന്റെ കരട് തയ്യാറാക്കി വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് പൊതുജനാഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. കരട് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിരവധി ചർച്ചകൾ/വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് കാലതാമസം നേരിട്ടിട്ടുള്ളത്. |

Tasmin Thomas

സെക്ഷൻ ഓഫീസർ